# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:4372** **17.05.2017-ൽ മറുപടിക്ക്**

## ക്യാൻസർ കെയർ ഫോർ ലൈഫ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഡി.കെ. മുരളി** | **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | തിരുവനന്തപുരം ആർസിസി യിൽ 2014 ആഗസ്റ്റ് വരെ നിലവിലുണ്ടായിരുന്ന കാൻസർ കെയർ ഫോർ ലൈഫ് പദ്ധതി ന്യൂനതകൾ പരിഹരിച്ച് പുനരാരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തായെന്ന് വിശദമാക്കാമോ; | എ) & ബി) | 1986 ലാണ് ആർ.സി.സി കാൻസർ കെയർ ഫോർ ലൈഫ് പദ്ധതി ആരംഭിച്ചത്. കേവലം 101 രൂപ അംഗത്വ ഫീസോടുകൂടി ആരംഭിച്ച പദ്ധതിയുടെ ഒന്നാംഘട്ടം 1991 ൽ അവസാനിച്ചിരുന്നു. 1992 ൽ രണ്ടാംഘട്ട പദ്ധതി 500 രൂപ അംഗത്വ ഫീസോടുകൂടി ആരംഭിച്ചു. പ്രസ്തുത പദ്ധതി 1996 ൽ നിർത്തലാക്കുകയും അതിനുശേഷം 500 രൂപ, 10,000 രൂപ എന്നീ രണ്ടുതരം അംഗത്വ ഫീസോടുകൂടി 1997 ൽ മൂന്നാംഘട്ട പദ്ധതിക്ക് തുടക്കമായി. 2014 ഓഗസ്റ്റ് മാസത്തിൽ ഈ പദ്ധതിയും നിർത്തലാക്കി. നാലാംഘട്ട പദ്ധതി തുടങ്ങുന്നതിന്റെ മുന്നോടിയായിട്ടാണ് ഈ പദ്ധതി നിർത്തലാക്കിയത്. പുതിയ അംഗങ്ങളെ ചേർക്കുന്നില്ല എങ്കിലും അംഗത്വം എടുത്തിട്ടുള്ളവർക്ക് നിബന്ധന പ്രകാരമുള്ള ആനുകൂല്യങ്ങൾ ആജീവനാന്തം ലഭിക്കുന്നതാണ്. പദ്ധതികൾ കാലോചിതമായി പരിഷ്കരിക്കുന്നതിനാണ് ഒരു നിശ്ചിത സമയം കഴിയുമ്പോൾ നിർത്തലാക്കുന്നത്. കഴിഞ്ഞകാല പദ്ധതികളുടെ അനുഭവത്തിൽ നിന്ന് പാഠമുൾക്കൊണ്ടുകൊണ്ട് കുറേക്കൂടി കാര്യക്ഷമമായ നാലാംഘട്ട പദ്ധതി ആവിഷ്കരിച്ചു കൊണ്ടിരിക്കുകയാണ്. ചികിത്സാ സംബന്ധമായ ചില സാങ്കേതിക കാര്യങ്ങൾകൂടി പരിഗണിച്ചുകൊണ്ട് ജനങ്ങൾക്ക് പരമാവധി പ്രയോജനപ്രദമായ പദ്ധതി നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി തുടരുന്നു. |
| ബി) | പ്രസ്തുത പദ്ധതി പുനരാരംഭിക്കുന്നതിന് കാലതാമസം വരുമെങ്കിൽ അതുവരെ പഴയ പദ്ധതി തന്നെ തുടരാനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ